**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3684** **09-10-2025 - ൽ മറുപടിയ്ക്ക്**

**കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി കേന്ദ്ര സഹായം ലഭ്യമാകുന്നുണ്ടോ; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. കേന്ദ്ര സഹായത്തോടെ സംസ്ഥാനത്ത് കാലാവസ്ഥാ വ്യതിയാനം മൂലം ഉണ്ടാകുന്ന കൃഷിനാശത്തിന് നഷ്ടപരിഹാരം നൽകുന്നതിനായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി. 27 വിളകൾക്കാണ് പദ്ധതി പ്രകാരം പരിരക്ഷ നൽകുന്നത്. വിളയുടെ ഇൻഷ്വറൻസ് ആനുകൂല്യത്തുകയുടെ 1 മുതൽ 5 ശതമാനമാണ് പ്രീമിയം തുകയായി കർഷകൻ ഒടുക്കുന്നത്. കർഷകർ അടയ്ക്കേണ്ട പ്രീമിയം തുകയ്ക്ക് ഉപരിയായ തുകയുടെ അമ്പതു ശതമാനം പ്രീമിയം സബ്സിഡിയായി കേന്ദ്ര സഹായം ലഭ്യമാവുന്നുണ്ട്. അമ്പത് ശതമാനം പ്രീമിയം സംസ്ഥാനം വഹിക്കുന്നു. |
| (ബി) | കാലാവസ്ഥാ വ്യതിയാനം മൂലം കൃഷി നശിച്ച എല്ലാ കർഷകർക്കും നഷ്ടപരിഹാരം ലഭിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | നിലവിൽ പരിഗണനയിൽ ഇല്ല. |
| (സി) | കൃഷിയും വിളവെടുപ്പും കാലാവസ്ഥാ വ്യതിയാനത്തിനനുസൃതമായി ക്രമീകരിച്ച് കാലാവസ്ഥാ വ്യതിയാനത്തെ അതിജീവിക്കുന്നതിനുള്ള സാധ്യതകളെ സംബന്ധിച്ച് പ്രത്യേക പഠനം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഉണ്ട്. കാലാവസ്ഥയ്ക്ക് അനുസൃതമായി കൃഷി അനുവർത്തിക്കുന്നതിനായി 29 കാർഷിക വിളകളിൽ അഗ്രോ ഇക്കോളജിക്കൽ യൂണിറ്റുകൾക്ക് അനുസരിച്ചുള്ള പാക്കേജ് ഓഫ് പ്രാക്ടീസിന് രൂപം നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന സർക്കാരിന്റെ കേരള ക്ലൈമറ്റ് റസീലിയന്റ് അഗ്രി-വാല്യൂ ചെയിൻ മോഡണൈസേഷൻ (KERA) പദ്ധതിയുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ